Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

നം. കൈറ്റ്/2019/1562(66) തീയതി: 23.11.2019

## സർക്കുലർ

വിഷയം:- കൈറ്റ് - ഹൈടെക് സ്കൂൾ പദ്ധതി - ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകളിൽ 2019-22 ബാച്ചിലേക്കുള്ള അംഗങ്ങളുടെ രജിസ്ട്രേഷനും പ്രാഥമിക പ്രവർത്തനങ്ങളും സംബന്ധിച്ച നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:- 1. സ. ഉ(സാധ) നം, 361/2018/പൊ.വി.വ തീയതി 20.01.2018.
2. ഈ ഓഫീസിലെ .03.06.2019-ലെ കൈറ്റ്/2019/1562 (22) നമ്പർ സർക്കുലർ.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളിൽ ആരംഭിച്ച ലിറ്റിൽ കൈറ്റ്സ് ക്ലബ്ബുകൾ 2060 വിദ്യാലയങ്ങളിൽ പ്രവർത്തിച്ചുവരുന്നു. സൂചന 2 പ്രകാരം ഈ വിദ്യാലയങ്ങളിൽ 2019-22 വർഷത്തെ അംഗങ്ങളുടെ പ്രാഥമിക തെരഞ്ഞെടുപ്പ് പൂർത്തിയാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. 2019-22 വർഷത്തെ പുതിയ ബാച്ചിന്റെ രജിസ്ട്രേഷനും പ്രാഥമിക പ്രവർത്തനങ്ങളും സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. 2019 ഡിസംബർ 7 നകം വിദ്യാർഥികളുടെ വിവരങ്ങൾ ഓൺലൈൻ മാനേജ്മെൻറ് സംവിധാനം വഴി രേഖപ്പെടുത്തി കൺഫേം ചെയ്യേണ്ടതാണ്.
2. 2019 ഡിസംബർ 21-29 കാലയളവിൽ (ക്രിസ്തുമസ് അവധിക്കാലത്ത്) ഈ ബാച്ചിന്റെ പ്രാഥമിക ക്യാമ്പ് (Preliminary Camp) പൂർത്തീകരിക്കേണ്ടതാണ്.
3. അംഗങ്ങളുടെ രജിസ്ട്രേഷൻ പൂർത്തീകരിച്ച് കഴിഞ്ഞ് 2019 ഡിസംബർ 16 നകം സമയബന്ധിതമായി ക്യാമ്പ് പൂർത്തീകരിക്കുന്നതിനുള്ള ഷെഡ്യൂൾ തയ്യാറാക്കി സ്റ്റേറ്റ് ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.
4. പ്രാഥമിക ക്യാമ്പിൽ ഒരു മാസ്റ്റർ ട്രെയിനറും മികച്ച രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യാൻ കഴിയുന്ന ഒരു എസ്.ഐ.റ്റി.സി./അധ്യാപകനുമാണ് ആർ.പി.മാരാകേണ്ടത്. കൂടാതെ സ്കൂൾ കൈറ്റ് മാസ്റ്റർ/മിസ്ട്രസ്മാരുടെ സേവനം കൂടി പ്രയോജനപ്പെടുത്തേണ്ട താണ്.
5. മുഴുവൻ മാസ്റ്റർ ട്രെയിനർമാരുടേയും സേവനം പ്രയോജനപ്പെടുത്തിയ ശേഷവും സമയബന്ധിതമായി ക്യാമ്പ് പൂർത്തീകരിക്കുന്നതിന് കൂടുതൽ ആർ.പി.മാർ ആവശ്യ മായി വരുന്ന സാഹചര്യത്തിൽ മാത്രം രണ്ട് എസ്.ഐ.റ്റി.സി./ അധ്യാപകരുടെ സേവനം ക്യാമ്പുകളിൽ പ്രയോജനപ്പെടുത്താവുന്നതാണ്.
6. എട്ടാം ക്ലാസിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് പ്രാഥമിക ക്യാമ്പ് ഉൾപ്പടെ 4 ദിവസത്തെ പരിശീലനം ക്രമീകരിക്കേണ്ടതാണ്.

VICTERS The Complete Educational Channel victers.itschool.gov.in
Poojappura P.O. Thiruvananthapuram 695 012 Kerala India
Tel : +91 471 2529800 Fax : 0471 2529810 contact@kite.kerala.gov.in
www.kite.kerala.gov.in
(CIN : U74999KL2017NPL049848

7. വിദ്യാലയ പ്രവർത്തനങ്ങൾക്ക് തടസ്സം വരാതെ കൈറ്റ് മാസ്റ്റർ/മിസ്ട്രസ്മാരുടെ ചുമതലയിൽ പരിശീലനം പൂർത്തിയാക്കേണ്ടതാണ്. പരിശീലനങ്ങളിൽ ലിറ്റിൽ കൈറ്റ്സ് സീനിയേഴ്സിന്റെ സേവനം പ്രയോജനപ്പെടുത്തേണ്ടതാണ്.
8. പരിശീലന മൊഡ്യൂൾ അടിസ്ഥാനമാക്കി കൈറ്റ് മാസ്റ്റർ/മിസ്ട്രസ്മാർക്ക് പ്രത്യേക ഏകദിന പരിശീലനവും പ്രാഥമിക ക്യാമ്പിനുള്ള ഡി.ആർ.ജി.മാരുടെ ഏകദിന ശില്പശാലയും 2019 ഡിസംബർ 18 നകം ജില്ലയിൽ പൂർത്തീകരിക്കേണ്ടതാണ്.

**കെ. അൻവർസാദത്ത്**
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

എല്ലാ ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകൾക്കും *(ജില്ലാ കോർഡിനേറ്റർ മുഖേന)*

പകർപ്പ്:

പൊതുവിദ്യാഭ്യാസ ഡയറക്ടർ - അറിവിലേക്ക്
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ/ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും- ജില്ലാകോർഡിനേറ്റർ മുഖേന
കൈറ്റിലെ എല്ലാ ജില്ലാ കോർഡിനേറ്റർ/മാസ്റ്റർട്രെയിനർ കോർഡിനേറ്റർ/മാസ്റ്റർട്രെയിനർമാർക്കും
സ്റ്റോക്ക് ഫയൽ